"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം -തിരുവനന്തപുരം അരുമാനൂർ എം.വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കൊമേഴ്സ് ശ്രീ.ശ്രീജിത്ത് സി. യുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.4106/2026/GEDN തീയതി,തിരുവനന്തപുരം, 23-06-2026

---

പരാമർശം:-

1. അരുമാനൂർ എം.വി.എച്ച്.എസ്.എസ്.ലെ മാനേജർ സമർപ്പിച്ച 21.05.2025 ലെ എം/3/2025-26 നമ്പർ റിവിഷൻ ഹർജി.
2. തിരുവനന്തപുരം റീജണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 15.07.2025 ലെ RDDHSE/TVM/1359/2025-TRO-3 നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17.07.2025 ലെ എസിഡിബി3/12503/2025/എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം അരുമാനൂർ എം.വി.എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കൊമേഴ്സ് ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള ഹർജിയിന്മേൽ 18/07/2025 തീയതിയിൽ വാദം കേട്ടിരുന്നു.

2. ഹയർ സെക്കന്ററി വിഭാഗം തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ അധികാരപരിധിയിൽ പ്രവർത്തിച്ചുവരുന്നതാണ് എം.വി. ഹയർ സെക്കന്ററി സ്കൂൾ അരുമാനൂർ. ഈ സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കൊമേഴ്സ് ആയിരുന്ന ശ്രീ.രാജാസിംഗ് ആർ.ന് 01/06/2018 മുതൽ പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി. (കൊമേഴ്സ്) ആയി പ്രമോഷൻ നിയമനം നല്കിയതു വഴി ഉണ്ടായ ഒഴിവിലാണ് ശ്രീ. ശ്രീജിത്ത് സി. യെ 15/07/2021 മുതൽ പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) (കൊമേഴ്സ്) ആയി നിയമിച്ചത്. ശ്രീ. രാജാസിംഗിന്റെ പ്രമോഷൻ നിയമനം 01/06/2018 മുതൽ പ്രാബല്യത്തിൽ തന്നെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ

29/05/2019 ലെ റ്റി.ആർ.ഒ-03/343/2019/ഹ.സെ.വി നമ്പർ ഉത്തരവിലൂടെ അംഗീകരിച്ചു കിട്ടിരുന്നുവെന്നും അപ്രകാരം 01/06/2018 മുതൽ പ്രാബല്യത്തിൽ വ്യവസ്ഥാപിതമായിത്തീർന്ന ഒഴിവിലായിരുന്നു ശ്രീ.ശ്രീജിത്തിന്റെ 15/07/2021 മുതലുള്ള നിയമനം നടന്നത്. അതുകൊണ്ടു തന്നെ ഈ നിയമനം ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ ബാധകമാക്കാതെ 15/07/2021 മുതൽ പ്രാബല്യത്തിൽ തന്നെ അംഗീകരിച്ചു നൽകാമായിരുന്നു. അതിനു പകരം തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ (ഹയർ സെക്കന്ററി വിദ്യാഭ്യാസം) 16/10/2023-ലെ റ്റി.ആർ.ഒ-03/3440/2021/ഹ.സെ.വി. നമ്പർ ഉത്തരവിലൂടെ ശ്രീ.ശ്രീജിത്ത് സി.യുടെ 15/07/2021 മുതലുള്ള നിയമനത്തിന് 15/11/2021 മുതൽ പ്രാബല്യത്തിൽ മാത്രമേ നിയമനാംഗീകാരം നൽകിയുള്ളൂ എന്നു മാത്രമല്ല ഈ നിയമനാംഗീകാരം ചുവടെ ചേർക്കും പ്രകാരം ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്കു വിധേയമാക്കുകയും ചെയ്തിരുന്നു

"എച്ച്.എസ്.എസ്.റ്റി. ജൂനിയർ കോമേഴ്സ് റിവൈസ്ഡ് സ്കെയിൽ (45600- 95600) ഭിന്നശേഷി സംവരണ പ്രകാരം ഉദ്യോഗാർത്ഥികൾക്ക് മാനേജർ നിയമനം നല്കുന്നതുവരെ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനോ വാർഷിക ഇൻക്രിമെന്റ് അനുവദിക്കാനോ പാടില്ല."

ഈ സാഹചര്യത്തിൽ, നിയമനാംഗീകാരം 15/07/2021 മുതൽ അനുവദിച്ചും, നിയമനാംഗീകാരം ഭിന്നശേഷി വ്യവസ്ഥകൾക്കു വിധേയമാക്കിയ പരാമർശം ഒഴിവാക്കിയും 16/10/2023-ലെ റ്റി.ആർ.ഒ-03/3440/2021/ഹ.സെ.വി. നമ്പർ ഉത്തരവ് ഭേദഗതി ചെയ്തു കിട്ടേണ്ടതുണ്ടെന്നാണ് ഹർജിക്കാരന്റെ വാദം,

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ സ്കൂളുകളിൽ 2019-20 ലെ തസ്തിക നിർണ്ണയം തന്നെ 2020-21 ലും ബാധകമാക്കിക്കൊണ്ട് 22/01/2021 ന് ജി.ഒ.(എം.എസ്.)28/2021/പൊ.വി.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതേ ഉത്തരവിൽത്തന്നെ അനദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും ഒഴിവുകൾ ഒഴികെ അദ്ധ്യാപക ഒഴിവുകളിൽ നിയമനം പാടില്ല എന്നും നിഷ്കർഷിച്ചിരുന്നു. പിന്നീട്, 06/07/2021 ലെ സ.ഉ.(സാധാ)നം.3287/2021/പൊ.വി.വ നമ്പർ ഉത്തരവിലൂടെ 2019-20 ലെ തസ്തിക നിർണ്ണയം തന്നെ 2021-22 വർഷത്തേക്കുകൂടി ബാധകമാക്കുകയും, റിട്ടയർമെന്റ്, രാജി, പ്രമോഷൻ, മരണം തുടങ്ങിയവ കാരണം ഉണ്ടാകുന്ന അദ്ധ്യാപക തസ്തികകളിലെ റഗുലർ ഒഴിവുകളിൽ 15/07/2021 മുതൽ നിയമനങ്ങൾ നടത്താൻ അനുവാദം നല്കുകയും ചെയ്തിരുന്നു. ഇതൊന്നും തന്നെ ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനവുമായോ ടിയാനെ നിയമിച്ച ഒഴിവുമായോ യാതൊരു തരത്തിലും ബന്ധപ്പെട്ടു വരുന്നതല്ലെന്നും ശ്രീ.ശ്രീജിത്തിന്റെ നിയമനം 15/07/2021 മുതൽ

ആയിരുന്നെങ്കിലും ടിയാനെ നിയമിച്ചത് 2018-19 വർഷത്തിൽ 01/06/2018 മുതൽ പ്രാബല്യത്തിൽ ഉണ്ടായ ഒരു പ്രമോഷൻ ഒഴിവിലായിരുന്നുവെന്നും 2018-19 വർഷം മുതൽ നിന്നു വരുന്നതായിരുന്നു ഒഴിവ്, അല്ലാതെ 2021-22 വർഷത്തിൽ ഉണ്ടായതൊന്നുമല്ലെന്നും തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം വ്യവസ്ഥാപിതമായി രണ്ടിലേറെ വർഷമായി നിലനിന്നു വരുന്ന ഒഴിവിലെ 15/07/2021 മുതലുള്ള നിയമനത്തിന്റെ അംഗീകാരം 15/11/2021 ലേക്കു സ്വമേധയാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നീട്ടിക്കൊണ്ടുപോയതിന് യാതൊരു നീതീകരണവുമില്ലെന്നും ഇതിന് ചട്ടങ്ങളുടെയോ, സർക്കാർ ഉത്തരവുകളുടെയോ പിൻബലവുമില്ലെന്നും സമാന സാഹചര്യത്തിൽ നടത്തിയ നിയമനങ്ങൾ, നിയമന തീയതി മാറ്റാതെ തന്നെ നിയമനാംഗീകാരം അനുവദിക്കുകയാണ് ചെയ്തു കാണുന്നതെന്നും 2019-20 ൽ അനുവദിച്ച തസ്തികയിൽ ഉണ്ടായ ഒരു പ്രമോഷൻ ഒഴിവിൽ 15/07/2021 മുതൽ പ്രാബല്യത്തിൽ, പള്ളുരുത്തി എസ്.ഡി.വി.വൈ.എച്ച്.എസ്.എസ്.ൽ ശ്രീമതി എ.ഡി.ശ്രീജയ്ക്കു നല്കിയ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കോമേഴ്സ് നിയമനം 15/07/2021 മുതൽ തന്നെ എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 10/12/2021 ലെ A2/4853(3)/2021 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു നല്കിയിട്ടുണ്ടെന്നും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ക്രമപ്രകാരം തന്നെ പുറപ്പെടുവിച്ചിട്ടുള്ളതാണ് ഈ ഉത്തരവ് എന്നും നിയമനങ്ങൾ അംഗീകരിക്കുന്നതിന് ഓരോ മേഖലക്കും വ്യത്യസ്ഥ മാനദണ്ഡം സ്വീകരിക്കാനാവില്ലല്ലോയെന്നും ഈ സാഹചര്യത്തിൽ, ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനം 15/07/2021 മുതൽ പ്രാബല്യത്തിൽത്തന്നെ അനുവദിച്ചുകിട്ടുന്നതിന് അനുകൂലമായി ഉത്തരവാകാവുന്നതാണെന്നും 18/11/2018 ന് സാമൂഹ്യ നീതി വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ.ഉ.(പി) 18/2018 നമ്പർ ഉത്തരവ്, പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും 08/11/2021 ന് സ.ഉ.(പി)19/2021 നമ്പരായി പുറപ്പെടുവിച്ച ഉത്തരവ് എന്നിവകൾക്കു ശേഷം 02/06/2022 ന് സ.ഉ.(കൈ)111/2022/പൊവിവ നമ്പരായി പുറപ്പെടുവിച്ച എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ തുടങ്ങി, ഇതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലൊന്നിലും തന്നെ ഭിന്നശേഷി ബാക് ലോഗ് നിയമനം 18/11/2018 നു മുമ്പുള്ള ഒഴിവുകളിൽ നടത്തണമെന്നു പറഞ്ഞിട്ടില്ലെന്നും ഭിന്നശേഷി സംവരണ നിയമനം ബാധകമാക്കിയിട്ടുള്ളത് 18/11/2018 മുതലുള്ള ഒഴിവുകൾ മാത്രമാണെന്നും എന്നാൽ ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനം നടന്നിട്ടുള്ളത് അതിനും വളരെ മുമ്പ് അതായത് 01/06/2018 മുതൽ വ്യവസ്ഥാപിതമായ ഒഴിവിലാണെന്നും നിയമന തീയതിയല്ല, നിയമനം നടത്തിയ ഒഴിവുണ്ടായത് എന്നു മുതലാണ് എന്നതാണ് ഭിന്നശേഷി സംവരണ നിയമനത്തിന് പരിഗണിക്കപ്പെടുന്നതെന്നും

18/11/2018 ന് മുമ്പ്, 01/06/2018 മുതൽ പ്രാബല്യത്തിൽ ഉണ്ടായ ഒഴിവിലെ ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനത്തിന് ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ ബാധകമാവുന്നില്ലെന്നും ഈ സാഹചര്യത്തിൽ, 16/10/2023-ലെ റ്റി.ആർ.ഒ-03/3440/2021/ഹ.സെ.വി. നമ്പർ ഉത്തരവിൽ ശ്രീ.ശ്രീജിത്ത് സി.യുടെ നിയമനാംഗീകാരത്തിന് ഭിന്നശേഷി സംവരണ വ്യവസ്ഥ ബാധകമാക്കിയ പരാമർശം പ്രസ്തുത ഉത്തരവിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതുതന്നെയാണെന്നും മേൽ വിവരിച്ച വസ്തുതകളുടെ നിജസ്ഥിതി ബോധ്യപ്പെട്ട്, ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനാംഗീകാരം പ്രാബല്യപ്പെടുത്തിയത് 15/11/2021 എന്നത് 15/07/2021 എന്നു തിരുത്തിയും, ഈ നിയമനാംഗീകാരം ഭിന്നശേഷി വ്യവസ്ഥക്കു ബാധകമാക്കിയ പരാമർശം ഒഴിവാക്കിയും 16/10/2023-ലെ റ്റി.ആർ.ഒ-03/3440/2021/ഹ.സെ.വി. നമ്പർ ഉത്തരവ് ഭേദഗതി ചെയ്തു പുതുക്കി നല്കാൻ ഹയർ സെക്കണ്ടറി വിഭാഗം തിരുവനന്തപുരം മേഖല ഉപമേധാവിക്കു ഉചിത നിർദേശം നല്കാൻ പരാമർശം (1) പ്രകാരമുള്ള ഹർജിയിൽ ഹർജിക്കാരൻ അഭ്യർത്ഥിച്ചിരുന്നു.

3. തിരുവനന്തപുരം ജില്ലയിലെ അരുമാനൂർ എം.വി.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.റ്റി.പത്മകുമാർ 31/05/2018-ൽ വിരമിച്ച ഒഴിവിൽ ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയിരുന്ന ശ്രീ.രാജാ സിംഗിനെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് ആയി നിയമിച്ചിരുന്നു. പ്രസ്തുത നിയമനം തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടരുടെ 29/05/2019-ലെ ടി.ആർ.ഒ-03/343/എച്ച്.എസ്.ഇ/2019 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ടായിരുന്നു. പ്രസ്തുത പ്രൊമോഷൻ മൂലം ഒഴിവ് വന്ന എച്ച്.എസ്.എസ്.റ്റി. ജൂനിയർ കൊമേഴ്സ് തസ്തികയിൽ ശ്രീ.ശ്രീജിത്തിനെ 15/07/2021 മുതൽ നിയമിച്ച് നിയമനാംഗീകാരത്തിനായി തിരുവനന്തപുരം ആർ.ഡി.ഡി. ഓഫീസിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെന്നും ശ്രീ.രാജാ സിംഗിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവ് നിലവിൽ വന്നത് 01/06/2018 ലാണെങ്കിലും നിയമനം നടത്തിയിരിക്കുന്നത് 15/07/2021-ലാണെന്നും ആയതിനാൽ ഭിന്നശേഷി സംവരണ നടപടിക്രമം ബാധകമാണെന്നും ആയതിനാലാണ് ശ്രീ.ശ്രീജിത്തിന് പ്രൊവിഷണലായി നിയമനാംഗീകാരം നൽകിയതെന്നും മാനേജർ ഭിന്നശേഷി നടപടിക്രമം പാലിച്ച് ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ നിയമിച്ച് നിയമനാംഗീകാരം നൽകുന്ന മുറക്ക് ശ്രീ.ശ്രീജിത്തിന് മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണെന്നും തുടർന്ന് 06/07/2021 തീയതിയിലെ സ.ഉ.(സാധാ)നം.3287/2021/പൊവിവ പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾ 15/07/2021 മുതൽ മാനേജർക്ക് നടത്താവുന്നതാണെന്നും ഉത്തരവായിരുന്നു.

ശ്രീ.ശ്രീജിത്തിനെ മാനേജർ 15/07/2021 മുതൽ നിയമിച്ചിരുന്നു. ടി സ്കൂളിൽ കൊമേഴ്സിന് ഒരു സീനിയർ തസ്തികയും ജൂനിയർ തസ്തികയും നിലവിലുണ്ട്. ആയതിനാൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് തുടങ്ങുന്നതുവരെ സീനിയർ അദ്ധ്യാപകന്റെ സേവനം മാത്രം മതിയാകുന്നതാണ്. അതിനാലാണ് ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ച 15/11/2021 മുതൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയ ശ്രീ.ശ്രീജിത്തിന് തിരുവനന്തപുരം ആർ.ഡി.ഡി. യിൽ നിന്നും നിയമനാംഗീകാരം നൽകിയതെന്ന് പരാമർശം (2) ഉം (3) ഉം പ്രകാരം തിരുവനന്തപുരം റീജണൽ ഡെപ്യൂട്ടി ഡയറക്ടറും പൊതു വിദ്യാഭ്യാസ ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.രാജാ സിംഗിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവ് നിലവിൽ വന്നത് 01/06/2018 ലാണെങ്കിലും നിയമനം നടത്തിയിരിക്കുന്നത് 15/07/2021 ലാണ്. രാജാ സിംഗിന്റെ സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീ.ശ്രീജിത്തിനെ നിയമിച്ചിരിക്കുന്നതെന്നതിനാൽ ശ്രീ.ശ്രീജിത്തിനെ നിയമിച്ച ഒഴിവ് നിലവിൽ വന്നത് 15.7.2021-നാണ്. ആയതിനാൽ ശ്രീ.ശ്രീജിത്തിന് പ്രൊവിഷണലായി നിയമനാംഗീകാരം നൽകിയ വിദ്യാഭ്യാസ ഓഫീസർമാരുടെ നടപടി ശരിയാണ്.

5.ശ്രീ.ശ്രീജിത്തിനെ മാനേജർ 15/07/2021 മുതൽ നിയമിച്ചുവെങ്കിലും ടി സ്കൂളിൽ കൊമേഴ്സിന് ഒരു സീനിയർ തസ്തികയും ജൂനിയർ തസ്തികയും നിലവിലുള്ളതിനാൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് തുടങ്ങുന്നതുവരെ സീനിയർ അദ്ധ്യാപകന്റെ സേവനം മാത്രം മതിയാകുന്നതാണ് എന്നും അതിനാലാണ് ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ ആരംഭിച്ച 15/11/2021 മുതൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയ ശ്രീ.ശ്രീജിത്തിന് തിരുവനന്തപുരം ആർ.ഡി.ഡി. യിൽ നിന്നും നിയമനാംഗീകാരം നൽകിയത് എന്നും വിദ്യാഭ്യാസ അധികാരികൾ പരാമർശം (2) ഉം (3) ഉം പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ 2019-20 ൽ അനുവദിച്ച തസ്തികയിൽ ഉണ്ടായ ഒരു പ്രമോഷൻ ഒഴിവിൽ 15/07/2021 മുതൽ പ്രാബല്യത്തിൽ, പള്ളുരുത്തി എസ്.ഡി.വി.വൈ.എച്ച്.എസ്.എസ്.ൽ ശ്രീമതി എ.ഡി.ശ്രീജയ്ക്കു നല്കിയ എച്ച്.എസ്.എസ്.റ്റി. ജൂനിയർ കോമേഴ്സ് നിയമനം 15/07/2021 മുതൽ തന്നെ എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 10/12/2021 ലെ A2/4853(3)/2021 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം വ്യവസ്ഥാപിതമായ

ഒഴിവിലേക്കുള്ള നിയമനമായതിനാൽ ശ്രീ.ശ്രീജിത്തിന്റെ നിയമനവും 15/07/2021 മുതൽ തന്നെ അംഗീകരിച്ച നൽകാവുന്നതാണ്.

6. മേൽ സാഹചര്യത്തിൽ ശ്രീ.ശ്രീജിത്ത് സി. യുടെ നിയമനാംഗീകാരം പ്രാബല്യപ്പെട്ടുത്തിയത് 15/11/2021 എന്നത് 15/07/2021 എന്നു തിരുത്തി ഭിന്നശേഷി സംവരണപ്രകാരം പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് തിരുവനന്തപുരം മേഖല ഉപമേധാവിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരം പരാമർശം (1) - ലെ റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, എം.വി.എച്ച്.എസ്.എസ് അരുമാനൂർ, പൂവാർ P.O., തിരുവനന്തപുരം.

പ്രിൻസിപ്പൽ, എം.വി.എച്ച്.എസ്.എസ് അരുമാനൂർ.

ശ്രീ. ശ്രീജിത്ത്. സി, എച്ച്.എസ്.എസ്.റ്റി ജൂനിയർ കൊമേഴ്സ്, എം.വി.എച്ച്.എസ്.എസ് അരുമാനൂർ.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം) തിരുവനന്തപുരം-695 014.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), പാളയം തിരുവനന്തപുരം..
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ (എ2/84/2025/പൊ.വി.വ)

ഉത്തരവിൻ പ്രകാരം
**Signed by Aji Kumar R**
**Date: 27-06-2026 12:08:29**

സെക്ഷൻ ഓഫീസർ